# സീനിയർ സെക്കണ്ടറി
# മലയാളം (343)
# MALAYALAM
## നിർദ്ദിഷ്ട പഠനപ്രവർത്തനം
## Tutor Marked Assignments

പരമാവധി മാർക്ക് : 20

Max Marks : 20

**കുറിപ്പ് :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.

(ii) ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയനകേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക

**I. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) കൃഷ്ണന്റെ ബാല്യകാലസ്മരണയിൽ തെളിയുന്ന കളിക്കോപ്പുകൾ എന്തെല്ലാം ?

(ആധാരം : പാഠം 1) ( 2 മാർക്ക് )

(2) 'നിത്യപൂജാർഹയായ വിഗ്രഹമാണ് കുഞ്ഞാത്തലമ്മ' എന്ന് ഗോവിന്ദൻകുട്ടി കരുതുന്നത് എന്തുകൊണ്ട് ?

(ആധാരം : പാഠം 4) ( 2 മാർക്ക് )

**II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക**

(1) " അയ്യോ, ഞാനെടുത്ത പണിയെല്ലാം വെറുതെയായി " - പാക്ഹാം ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യം എന്ത് ?

(ആധാരം : പാഠം 11) ( 2 മാർക്ക് )

(2) 'ഒന്ന്, രണ്ട്, മൂന്ന് ' എന്നിങ്ങനെ വയോധിക വിരൽതൊട്ട് എണ്ണിയതിന്റെ സാംഗത്യമെന്ത് ?

(ആധാരം : പാഠം 21) ( 2 മാർക്ക് )

**III. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) ചിറകൊടിഞ്ഞ കിളിയുടെ പാട്ടു കേട്ട പ്രകൃതിയുടെ പ്രതികരണം എങ്ങനെയായിരുന്നു? വിശദമാക്കുക

(ആധാരം : പാഠം 5) ( 2 മാർക്ക് )

(2) തീവണ്ടിയാപ്പീസിൽ മരണാസന്നനായിക്കിടക്കുന്ന മനുഷ്യനെ വള്ളത്തോൾ ചിത്രീകരിക്കുന്നതെങ്ങനെ ?

(ആധാരം : പാഠം 6) ( 2 മാർക്ക് )

**IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) 'ഒരാൾക്ക് എത്ര ഭൂമിവേണം' എന്ന ശീർഷകം കഥക്ക് എത്രമാത്രം അനുയോജ്യമാകുന്നുണ്ട് ? നിങ്ങളുടെ അഭിപ്രായം സ്വരൂപിക്കുക

(ആധാരം : പാഠം 11 ) ( 4 മാർക്ക് )

(2) 'ആന മേയ്ക്കുന്നതിനേക്കാൾ ക്ലേശമാണീ ആടുമേയ്പ്' ഈ നിഗമനത്തിൽ നാണുക്കുട്ടി എത്തിച്ചേർന്നതെങ്ങനെ ?

(ആധാരം : പാഠം 18) ( 4 മാർക്ക് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) തകരയെ കോതോർമ്മൻ 'തമ്പുരാനായി ' നമസ്കരിച്ചതെന്തുകൊണ്ട് ?

(ആധാരം : പാഠം 25) ( 4 മാർക്ക് )

(2) ജന്മിത്തത്തിന്റെ സമ്പന്നതയിലും മാസത്തിൽ ഇരുപതു ദിവസവും ഉപവസിച്ചതിന് കുഞ്ഞാത്തലമ്മയുടെ ന്യായീകരണം എന്തായിരുന്നു ?

(ആധാരം : പാഠം 4 ) ( 4 മാർക്ക് )

**VI. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) "മാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം" എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം തയ്യാറാക്കുക

(ആധാരം : പാഠം 10 ) ( 6 മാർക്ക് )

(2) 'സ്നേഹബന്ധങ്ങൾക്ക് വിലകല്പിക്കാത്ത ഒരു സമൂഹമായി കേരളം കെട്ടുപോവുകയാണോ ? '- 'പൊന്നുരുക്കുകയാണ് പൂച്ചേ' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക

(ആധാരം : പാഠം 17) ( 6 മാർക്ക് )